**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4623** **13-03-2023 - ൽ മറുപടിയ്ക്ക്**

**അതിദരിദ്രരുടെ ഉന്നമനത്തിനായി കുടുംബ കേന്ദ്രീകൃത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. എ. രാജ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതികളിലും പട്ടികഗോത്രവർഗങ്ങളിലുംപെട്ട അതിദരിദ്രരുടെ ഉന്നമനത്തിനായി കുടുംബ കേന്ദ്രീകൃത പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് വേണ്ടി കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ ഓരോ കുടുംബത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതു ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് “HOME” (Household Oriented Micro planning for Empowerment). നിലവിൽ പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ സർവ്വേയ്ക്കും കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിനുമായി 19.08.2022-ലെ സ.ഉ(കൈ)നം.40/2022/പജ.പവ.വി.വ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഹൗസ്ഹോൾഡ് ഓറിയന്റഡ് മൈക്രോപ്ലാനിങ് ഫോർ എംപവർമെന്റ് (ഹോം) പദ്ധതിയിൽ പട്ടികജാതി വിഭാഗങ്ങളിലെ ദുർബല വിഭാഗങ്ങളിൽപെട്ടവരുടെ ദാരിദ്ര്യ നിർമ്മാർജനത്തിന് ഊന്നൽ നൽകുന്നുണ്ടോ; | (ബി) | ഉണ്ട്. പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസവും, സാമ്പത്തിക ശാക്തീകരണവും ഉറപ്പാക്കി സ്വയം പര്യാപ്തമാക്കുന്നതിനായി പട്ടികജാതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ നിന്നും അനുയോജ്യമായ പദ്ധതികൾ തിരഞ്ഞെടുത്ത് നൽകുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതിയിൽ അതിദരിദ്രരെ സ്വയംപര്യാപ്തരാക്കുന്നതിനായി അവർക്ക് സുസ്ഥിര വരുമാനം ഉറപ്പുവരുത്തുന്നതിന് പ്രാധാന്യം നൽകുന്നുണ്ടോ? പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | പ്രാധാന്യം നൽകുന്നുണ്ട്. നിലവിൽ അതിദാരിദ്ര്യ സർവ്വേയിൽ ഉൾപ്പെട്ട പട്ടികജാതിയിലെ ദുർബല വിഭാഗങ്ങൾക്കായി ടി പദ്ധതി നടപ്പിലാക്കിവരുന്നു. ടി കുടുംബങ്ങളുടെ പുനരധിവാസവും, സാമ്പത്തിക ശാക്തീകരണവും ഉറപ്പാക്കി സ്വയംപര്യാപ്തമാക്കുന്നതിനായി നിലവിൽ പട്ടികജാതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ നിന്നും അനുയോജ്യമായ പദ്ധതികൾ തിരഞ്ഞെടുത്ത് നൽകുന്ന രീതിയിലാണ് പദ്ധതി വിഭാവനം |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുള്ളത്. കൃഷിഭൂമി വാങ്ങുന്നതിനും ധനസഹായം അനുവദിക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൃഷിഭൂമി വാങ്ങുന്നതിനായി 10 ലക്ഷം രൂപയും ഗ്രൂപ്പ് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 5 ലക്ഷം രൂപയും വ്യക്തിഗത സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 3 ലക്ഷം രൂപയും നൽകിയും നൈപുണ്യ പരിശീലന പരിപാടിയിലൂടെയും സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ